**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 18 08.02.2016 ലെ മറുപടിക്ക്**

## "അന്യ സംസ്ഥാന ലോട്ടറി"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.എ. മാധവൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അന്യ സംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (എ) | അന്യ സംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15.12.2011-ലെ GSR 883 (E) നമ്പർ നോട്ടിഫിക്കേഷൻ മുഖാന്തിരം സിക്കിം ലോട്ടറിയുടെ വിൽപ്പന കേരളത്തിൽ രണ്ട് വർഷത്തേയ്ക്ക് നിരോധിക്കുകയും, 14.12.2013-ന് അവസാനിച്ച താൽക്കാലിക നിരോധനം ഇപ്പോഴും അനിശ്ചിതമായി തുടരുന്നുമുണ്ട്. ഭൂട്ടാൻ ലോട്ടറിയെ സംബന്ധിച്ച കേസുകൾ സി.ബി.ഐയ്ക്ക് നൽകിയിരിക്കുന്നതിനാൽ അവയുടെ വിൽപ്പനയും താൽക്കാലികമായി തടഞ്ഞിട്ടുണ്ട്. 07.01.2012-ലെ G.O (Rt) No.26/12/TD ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിൽ അഡീഷണൽ ഡയറക്ടർ ഓഫ് പോലീസ് (ഇന്റലിജൻസ്) അദ്ധ്യക്ഷനായും, ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായും മോണിറ്ററിംഗ് സെല്ലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. അന്യ സംസ്ഥാന ലോട്ടറിയെ സംബന്ധിച്ച പരാതി |

<table>
<tr><td></td><td></td><td></td><td>കൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിനു കൈമാറുകയും തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത നടപടിയിലൂടെ സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാനത്തിൽ എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്;</td><td>(ബി)</td><td>അന്യ സംസ്ഥാന ലോട്ടറികൾ നിരോധിച്ചത് 2011 ഡിസംബർ മുതലാണ്. അന്യ സംസ്ഥാന ലോട്ടറികളുടെ നിരോധനം ലോട്ടറിയിൽ നിന്നുള്ള വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്. 2011-2012 സാമ്പത്തിക വർഷം മുതൽ ലോട്ടറിവിൽപ്പനയിലൂടെയുള്ള വിറ്റുവരവ്, വർദ്ധനവിന്റെ ശതമാനം എന്നിവ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ലോട്ടറിയിൽ നിന്നുള്ള വരുമാനം (കോടി രൂപയിൽ)</th><th>മുൻസാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഓരോ സാമ്പത്തിക വർഷവും വരുമാനത്തിൽ വന്ന വർദ്ധനവിന്റെ ശതമാനം</th></tr>
<tr><td>2010-11</td><td>557. 69</td><td>---</td></tr>
<tr><td>2011-12</td><td>1287. 22</td><td>130. 81</td></tr>
<tr><td>2012-13</td><td>2778. 80</td><td>115. 87</td></tr>
<tr><td>2013-14</td><td>3793. 84</td><td>36. 52</td></tr>
<tr><td>2014-15</td><td>5445. 84</td><td>43. 54</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| (സി) | അന്യ സംസ്ഥാന ലോട്ടറി തട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) | നിലവിലുള്ള നിയമപ്രകാരം ലോട്ടറി തട്ടിപ്പിനെതിരെ സ്വന്തം നിലയിൽ നടപടി സ്വീകരിക്കുന്നതിന് ഭാഗ്യക്കുറി വകുപ്പിന് അധികാരമില്ലാത്തതിനാൽ അന്യ സംസ്ഥാന ലോട്ടറി തട്ടിപ്പിനെ സംബന്ധിച്ച് പരാതികളോ, പത്രവാർത്തയോ ലഭിച്ചാൽ ഉടൻ തന്നെ ആയത് പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ മേധാവിയ്ക്ക് കൈമാറി തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**